**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318** | **03-03-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ കാര്യക്ഷമത വര്‍ദ്ധിപ്പിക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളം രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാന സ്ഥിതിയുള്ള സംസ്ഥാനമെന്ന നേട്ടം കൈവരിച്ചിട്ടുണ്ടോ; എങ്കിൽ അത് നിലനിർത്തുന്നതിനും പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. ഇന്ത്യാ ടുഡെ ന്യൂസ് മാഗസിന്റെ ദേശീയ സർവ്വേയിൽ 2021-ൽ കേരളം രാജ്യത്തെ Most Happy State ആയി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത സർവ്വേക്ക് ആധാരമായ കാര്യങ്ങളിൽ സംസ്ഥാനത്തെ ക്രമസമാധാനം മുഖ്യ വിഷയമായി പരിഗണിച്ചിട്ടുണ്ട്.<br><br>പോലീസ് സേനയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>പൊതുജന സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ശുഭയാത്ര, സദ്ഭാവന എന്നീ പദ്ധതികളുടെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ ഏറ്റവും മികച്ച സേനയായി മാറുന്നതിന് കേരളാ പോലീസിന് സാധിച്ചിട്ടുണ്ട്. ക്രമസമാധാന രംഗത്ത് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. iCOPS എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതിലൂടെ പോലീസിന്റെ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും പൊതുജനങ്ങൾക്ക് എത്തിക്കാൻ സാധിച്ചു. കുറ്റവാളികളെ കണ്ടെത്തു ന്നതിനും തിരിച്ചറിയുന്നതിനുമായി ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം ആപ്ലിക്കേഷനിലെ ഒരു മൊഡ്യൂളാണ് ക്രിമിനൽ ഗ്യാലറി. ക്രമസമാധാന പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് പൊതുജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ജനമൈത്രി പോലീസ് സംവിധാനം ശക്തമായി നടപ്പിലാക്കി വരുന്നു. ക്രമസമാധാനപാലനം, കുറ്റാന്വേഷണം |

എന്നിവയ്ക്ക് പുറമെ പൗരസേവനത്തിലും ഊന്നൽ നൽകിക്കൊണ്ട് കേരളാ പോലീസ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു. അവയിൽ വനിതകളേയും, കുട്ടികളേയും മുതിർന്ന പൗരന്മാരേയും സഹായിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള Koottu, Pink Protection Project, POL-APP, Domestic Conflict Resolution Center, Senior Citizen Help Desk, Women Help Desk, Nirbhaya, CAP HOUSE, Chiri Help Desk, Project Hope, Child Friendly Police Station, Aparajitha, Pink Police Patrol, Women Self Defence Training Programme, Counter Child Sexual Exploitation Center എന്നീ പദ്ധതികൾ നിലവിലുണ്ട്.

സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർമാരെ SHO മാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. രണ്ടോ അതിലധികമോ എസ്.ഐ.മാർ നിലവിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാന പാലനവും രണ്ട് വിഭാഗമായി വേർതിരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കണ്ണൂർ റൂറൽ ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം സൈബർ ക്രൈം കേസുകളുടെ അന്വേഷണം കാര്യക്ഷമമായിട്ടുണ്ട്. കൂടാതെ സൈബർ ഡോമും ഹൈ-ടെക് ക്രൈം എൻക്വയറി സെല്ലും സൈബർ കുറ്റാന്വേഷണത്തിന് ആവശ്യമായ സഹായങ്ങൾ നൽകി വരുന്നുണ്ട്.

46 പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് മികച്ച പശ്ചാത്തല സൗകര്യം ഉറപ്പാക്കണമെന്ന നയം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 27 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ 2 സൈബർ പോലീസ് സ്റ്റേഷനുകൾക്കും 2 വനിതാ പോലീസ് സ്റ്റേഷനുകൾക്കും പ്രത്യേകമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ റൂറൽ എന്നീ ജില്ലകൾക്ക് ജില്ലാ പോലീസ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതിയും

| | | | |
|---|---|---|---|
| | | | തുകയും നൽകിയിട്ടുണ്ട്. കൂടാതെ കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതിയും തുകയും അനുവദിച്ചിട്ടുണ്ട്.<br><br>2021-2022 സാമ്പത്തിക വർഷം സംസ്ഥാന വാർഷിക പദ്ധതിയിൽ തിരുവനന്തപുരത്ത് Cyber Security Centre സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ ശക്തിപ്പെടുത്തുന്നതിനായി പുതിയ ഓപ്പറേഷൻ ടൂളുകളും Software-കളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2022-23 സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകൾക്കായി 98 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 08 LMV, ബറ്റാലിയനും വിവിധ സ്പെഷ്യൽ യൂണിറ്റുകൾക്കുമായി 36 LMV, ജില്ലകളിലേക്കായി 06 മീഡിയം ബസ്, 02 വാട്ടർ ടാങ്കർ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ്, 69 ടൂ വീലറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. Fingerprint Bureau യ്ക്കുവേണ്ടി 20 LMV വാങ്ങിയിട്ടുണ്ട്. Economic Offence Wing-നു വേണ്ടി 07 LMV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ Road Safety Fund ഉപയോഗിച്ച് 27 LMV യും 16 Recovery വാഹനങ്ങളുടെ ചെയ്സുകളും വാങ്ങിയിട്ടുണ്ട്. |
| (ബി) | ക്രമസമാധാന പാലന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന് വേണ്ട ആധുനികീകരണ നടപടികളുടെ ഭാഗമായി നിരീക്ഷണ ക്യാമറകൾ വിപുലമായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.റ്റി.വി. ക്യാമറകളും എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.റ്റി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ക്രമസമാധാനപാലന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനു വേണ്ട ആധുനികീകരണ നടപടികളുടെ ഭാഗമായി പ്രധാന സ്ഥലങ്ങളിൽ CCTV ക്യാമറകളും ജില്ലാ അതിർത്തികളിൽ Automatic Number Plate Recognition System (ANPR) ക്യാമറകളും സ്ഥാപിച്ച് നിരീക്ഷിച്ചു വരുന്നു. പ്രസ്തുത ക്യാമറകളിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി ക്യാമറകൾ ഉൾപ്പെടുത്തിയുള്ള 'Integrated Digital Traffic Enforcement System' എന്ന പദ്ധതി 'BOOT' (Build Own Operate Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | പോലീസ് നേരിട്ട് സ്ഥാപിക്കുന്ന ക്യാമറകൾക്ക് പുറമെ പ്രധാന റോഡുകളിലെയും കച്ചവട കേന്ദ്രങ്ങളിലെയും വ്യാപാരികൾ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ കൂടി പോലീസ് നിരീക്ഷണ സംവിധാനത്തിന്റെ ഭാഗമാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | റസിഡൻസ് അസോസിയേഷനുകൾ, വ്യാപാരികൾ എന്നിവരുടെ സഹകരണത്തോടെ പൊതുസ്ഥലങ്ങൾ/വാണിജ്യ സ്ഥാപനങ്ങൾ മുതലായ ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ നിഷ്കർഷിക്കുന്നതിലേക്ക് കേരളാ പോലീസ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ